# വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ.ശ്രീമതി.പ്രിയങ്ക.ജി. IAS)

വിഷയം : വനിതശിശുവികസനവകുപ്പ്-Anganwadi Upgradation-2021-22 സാമ്പത്തിക വർഷം ചായം പദ്ധതി പ്രകാരം നവീകരണാനുമതി നൽകിയ അങ്കണവാടികളിൽ നവീകരണം പൂർത്തീകരിക്കാത്ത അങ്കണവാടികൾക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന : 1) കേന്ദ്രസർക്കാരിന്റെ 31/03/2018 തീയതിയിലെ CD-II-14/06/2017-CD-II നമ്പർ കത്ത്
2) സ.ഉ.(സാധാ) നം 340/2021/സാനീവ തീയതി.24/05/2021
3) ഈ കാര്യാലയത്തിലെ 16/09/2021 തീയതിയിലെ ICDS /A9/5906/21 നമ്പർ ഉത്തരവ്
4) വിവിധ ജില്ലകളിലെ പ്രോഗ്രാം ആഫീസർമാരിൽ നിന്നും ലഭ്യമായ അപേക്ഷകൾ
5) ഈ കാര്യാലയത്തിലെ 19/07/2022 തീയതിയിലെ DWCD/1151/2022-ICDS B1 നമ്പർ ഉത്തരവ്
6) ഈ കാര്യാലയത്തിലെ 26/07/2021 തീയതിയിലെ എ9-5906/21 നമ്പർ പരിപത്രം

## ഉത്തരവ് നം DWCD/530/2022-ICDS A9 തീയതി. 12/12/2022

സംയോജിത ശിശുവികസനപദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാനസർക്കാരുകളുടെ സഹായത്തോടെ 60:40 അനുപാതത്തിൽ സംസ്ഥാനത്തെ 400 അങ്കണവാടികൾ 2 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ നവീകരിക്കുന്നതിലേയ്ക്ക് ആവശ്യമായ കേന്ദ്ര വിഹിതമായ 480 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷം പരാമർശം (1) പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചിരുന്നു. 2021-22 വർഷം കേന്ദ്രവിഹിതമായ 480 ലക്ഷം രൂപ 2235-02-102-33 (01) പ്ലാൻ ശീർഷകത്തിലും ടി തുകയ്ക്ക് ആനുപാതികമായ സംസ്ഥാനവിഹിതമായ 320 ലക്ഷം രൂപ 2235-02-102-33 (02) പ്ലാൻ ശീർഷകത്തിലും വകയിരുത്തുകയുണ്ടായി.

പ്രസ്തുത തുകയിൽ നിന്നും സംസ്ഥാനത്തെ 258 അങ്കണവാടി കെട്ടിടങ്ങൾ ചായം പദ്ധതി പ്രകാരം 2 ലക്ഷം രൂപ നിരക്കിൽ നവീകരണം നടത്തുന്നതിനുള്ള ഭരണാനുമതി പരാമർശം (2) പ്രകാരം ലഭിക്കുകയും തെരഞ്ഞെടുക്കപ്പെട്ട 258 അങ്കണവാടികൾക്ക് നവീകരണം നടത്തുന്നതിനായി പരാമർശം (3) പ്രകാരം തുക അനുവദിക്കുകയും ചെയ്തിരുന്നു.

2021-22 സാമ്പത്തിക വർഷം ചായം പദ്ധതി പ്രകാരം നവീകരണം പൂർത്തീകരിക്കാത്തതും നവീകരണം പൂർത്തീകരിച്ചിട്ടും ബിൽ തുക മാറി നൽകുവാൻ സാധിക്കാത്തതുമായ തുകകൾ ബന്ധപ്പെട്ട ശിശുവികസനപദ്ധതിആഫീസർമാർ

സറണ്ടർ ചെയ്തിരുന്നു. ടി തരത്തിൽ ഫണ്ട് സറണ്ടർ ചെയ്തിട്ടുള്ള അങ്കണവാടികളുടെ നവീകരണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലേയ്ക്കും, ബിൽ തുക മാറി നൽകുവാൻ സാധിക്കാത്ത പ്രോജക്ടുകൾക്ക് ബിൽ തുക മാറി നൽകുന്നതിനും ആയി ഫണ്ട് അനുവദിക്കുവാൻ മലപ്പുറം, കണ്ണൂർ, പാലക്കാട്, കാസർഗോഡ്, കോട്ടയം, ഇടുക്കി ജില്ലകളിലെ പ്രോഗ്രാം ആഫീസർമാർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

UPgradation of Anganwadi Centre സ്കീമിനായി ലഭ്യമായ തുകയിൽ 2021-22 സാമ്പത്തിക വർഷം ചെലവഴിക്കാൻ സാധിക്കാത്ത കേന്ദ്രവിഹിതമായ 1,01,07,782/- രൂപയും അതിന് ആനുപാതിക സംസ്ഥാനവിഹിതമായ 67,38,521/- രൂപയും ചേർത്ത് ആകെ 1,68,46,303/- രൂപ പ്രസ്തുത പദ്ധതിയ്ക്കായി ആരംഭിച്ചിട്ടുള്ള SNA അക്കൗണ്ടിൽ പരാമർശം (5) പ്രകാരം നിക്ഷേപിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ പ്രോഗ്രാം ആഫീസർമാരുടെ അഭ്യർത്ഥന പരിഗണിച്ച് ചായം പദ്ധതി പ്രകാരം നവീകരണാനുമതി നൽകിയ അങ്കണവാടികളിൽ നവീകരണപ്രവൃത്തികൾ പൂർത്തീകരിക്കാത്തതും നവീകരണം പൂർത്തീകരിച്ചിട്ടും ബിൽ തുക മാറി നൽകാനാകാത്തതുമായ 6 അങ്കണവാടികൾക്ക് പദ്ധതി പ്രകാരം നവീകരണം പൂർത്തീകരിക്കുന്നതിനും ബിൽ തുക മാറി നൽകുന്നതിനുമായി ചുവടെ ചേർത്തിരിക്കും പ്രകാരം തുക അനുവദിച്ച് ഉത്തരവാകുന്നു. ടി തുക 60:40 അനുപാതം പാലിച്ച് ചെലവഴിക്കേണ്ടതാണ്.

| ക്രമ നം | ജില്ല | പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടി സെന്റർ നം | അനുവദിക്കുന്ന തുക | | |
|---|---|---|---|---|---|---|---|
| | | | | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ അനുവദിക്കുന്ന തുക |
| 1 | കാസർഗോഡ് | മഞ്ചേശ്വരം | പൈവളികെ | 118 | 26871 | 17914 | 44785 |
| 2 | ഇടുക്കി | ദേവികുളം അഡീഷണൽ | കാന്തല്ലൂർ | 10 | 25800 | 17200 | 43000 |
| 3 | കണ്ണൂർ | ഇരട്ടി അഡീഷണൽ | കൂടാളി | 2 | 97500 | 65000 | 162500 |
| 4 | കോട്ടയം | ളാലം | കടനാട് | 21 | 82417 | 54945 | 137362 |
| 5 | മലപ്പുറം | പൊന്നാനി അഡീഷണൽ | പൊന്നാനി മുൻസിപ്പാലിറ്റി | 41 | 12641 | 8428 | 21069 |
| 6 | പാലക്കാട് | നെന്മാറ അഡീഷണൽ | വണ്ടാഴി | 17 | 60000 | 40000 | 100000 |
| ആകെ | | | | | **305229** | **203487** | **508716** |

ഇപ്രകാരം അനുവദിക്കുന്ന 5,08,716/- (അഞ്ച് ലക്ഷത്തിഎണ്ണായിരത്തിഎഴുനൂറ്റിപതിനാറ് രൂപ മാത്രം) Upgradation of Anganwadi Centre സ്കീമിനായി (Scheme code -KL249) ICICI ബാങ്കിൽ ആരംഭിച്ചിട്ടുള്ള 195301000789 (IFSC-ICIC0001953) എന്ന SNA അക്കൌണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതും അതത് ജില്ലാവനിതശിശുവികസനആഫീസർമാരുടെ SNA അക്കൌണ്ടിലേയ്ക്ക് കമ്പോണന്റ് കോഡ് (01)-MAINTENANCE/UPGRADATION OF ANGANWADI (KL) അനുസരിച്ച് അനുവദിക്കേണ്ടതും ജില്ലാ വനിതശിശുവികസന ആഫീസർമാർ മേൽ പട്ടികയിൽ പറഞ്ഞ പ്രകാരം ബന്ധപ്പെട്ട ശിശുവികസനപദ്ധആഫീസർമാരുടെ SNA അക്കൗണ്ടിലേയ്ക്ക് ഫണ്ട് അനുവദിക്കേണ്ടതുമാണ്.

ശിശുവികസനപദ്ധതി ആഫീസർമാർ അനുവദിച്ചിരിക്കുന്ന തുക വിനിയോഗിച്ച് 2023 ഫെബ്രുവരി 28 നകം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതും ബില്ലുകൾ മാറി നൽകേണ്ടതുമാണ്. നവീകരണപ്രവൃത്തികൾ പൂർത്തിയായ ശേഷം യഥാസമയം നവീകരണപൂർത്തീകരണസാക്ഷ്യപത്രം, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ജില്ലാതലത്തിൽ ക്രോഡീകരിച്ച് ജില്ലാവനിതശിശുവികസനആഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. പ്രോഗ്രാം ആഫീസർമാർ കൃത്യമായ ഇടവേളകളിൽ പദ്ധതിയുടെ അവലോകനം നടത്തേണ്ടതും പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ജില്ലാവനിതശിശുവികസനആഫീസർ
കണ്ണൂർ/പാലക്കാട്/കാസർഗോഡ്/ഇടുക്കി/മലപ്പുറം/കോട്ടയം

ഒപ്പ്

വനിതശിശുവികസനഡയറക്ടർ

<u>പകർപ്പ്</u>

1) ബന്ധപ്പെട്ട പ്രോഗ്രാം ആഫീസർമാർക്ക്
2)ബന്ധപ്പെട്ട ശിശുവികസനപദ്ധതിആഫീസർമാർക്ക്
3) സൂപ്രണ്ട് അലോട്ട്മെന്റ്/അക്കൗണ്ടസ് സെക്ഷൻ
4) സൂപ്രണ്ട് പ്ളാനിംഗ് സെക്ഷൻ
5) സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്